പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8125 17.07.2014 - ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഷാഫി പറമ്പിൽ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിൽ ഇൻഫർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗവുമായി ബന്ധപ്പെടുത്തി ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗവുമായി ബന്ധപ്പെടുത്തി പ്രത്യേക ലബോറട്ടറികൾ, ലബോറട്ടറികളിൽ ആവശ്യമായ ആധുനിക ചികിത്സാ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. കൂടാതെ ഇതിനായി വൈദഗ്ദ്ധ്യം നേടിയ ജീവനക്കാരും ആവശ്യമാണ്. എംബ്രിയോളജിസ്റ്റിന്റെ സേവനവും ഉറപ്പാക്കേണ്ടതുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് എസ്.എ.റ്റി. ആശുപത്രിയിൽ പി.എം.എസ്.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ഐ.വി.എഫ് ചികിത്സ ആരംഭിച്ചശേഷം ഇവിടെ 4 കുട്ടികൾക്ക് ഇതിലൂടെ ജന്മം നൽകിയിട്ടുണ്ട്. കൂടാതെ 5 മെഡിക്കൽ കോളേജുകൾക്കുമായി 10 കോടി രൂപ പ്രസ്തുത പദ്ധതിക്കായി സർക്കാർ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) പദ്ധതി നടപ്പിലാക്കാൻ വേണ്ടിയിരുന്ന തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ? | (ഇ) | വളരെ ചെലവേറിയ ചികിത്സാരീതിയായതിനാൽ ലാഭം ലാക്കാക്കാതെ ചികിത്സയ്ക്കും മരുന്നിനുമുള്ള ചെലവ് ചികിത്സ ലഭിക്കേണ്ട ആളിൽ നിന്നും ഈടാക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ